(ബി) ഒന്നിലധികം എം.എ.സി.ടി. പ്രവർത്തിക്കുന്ന ജില്ലകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ എം.എ.സി.ടി. ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാസർകോട് ജില്ലയിൽ എം.എ.സി.ടി. സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കാസർഗോഡ്, ഇടുക്കി ജില്ലകളിൽ സ്വതന്ത്ര ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവിടെ പ്രിൻസിപ്പൽ ജില്ലാ കോടതിയും ഫസ്റ്റ് അഡീഷണൽ ജില്ലാ കോടതിയും എം.എ.സി.ടി. കോടതികളായി പ്രവർത്തിക്കുന്നുണ്ട്.

(ബി) താഴെപ്പറയുന്ന ഒമ്പത് ജില്ലകളിൽ ഒന്നിൽ കൂടുതൽ എം.എ.സി.ടി. പ്രവർത്തിക്കുന്നുണ്ട് :

(1) തിരുവനന്തപുരം (2) കൊല്ലം (3) കോട്ടയം (4)എറണാകുളം (5) തൃശ്ശൂർ (6) പാലക്കാട് (7) മലപ്പുറം (8) കോഴിക്കോട് (9) കണ്ണൂർ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**കൽപ്പറ്റയിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി**

32 (1767) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കൽപ്പറ്റയിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സ.ഉ. (സാധാ.) നമ്പർ 1919/09/ ആഭ്യന്തരം തീയതി 6-7-2009 പ്രകാരം കോടതികൾ ആരംഭിക്കുന്നതിനുള്ള മുൻഗണന പട്ടികയിൽ ഹൈക്കോടതിയുടെ ശിപാർശയനുസരിച്ച് ക്രമ നമ്പർ 9 ആയി ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. മുൻഗണന ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മാത്രമേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകുകയുള്ളൂ.

**തീരദേശ പരിപാലന നിയമം**

33 (1768) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് അവർ തലമുറകളായി വസിച്ചുവരുന്ന വസ്തുവിൽ ഭവനങ്ങൾ നിർമ്മിക്കുന്നതിന് തീരദേശ പരിപാലന നിയമം വിഘാതം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശവാസികൾക്കും മത്സ്യബന്ധന സമൂഹത്തിലുള്ളവർക്കും വീടുകളുടെ നിർമ്മാണത്തിന് തീരദേശ പരിപാലന നിയമത്തിൽ നിന്ന് ചില ഇളവുകൾ അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

34 (1769) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസത്തിനുശേഷം കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര അപേക്ഷകളിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി തീർപ്പ് കൽപ്പിച്ചു എന്നത് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly